

# വർണ്ണങ്ങൾ

സി കെ സി ഹൈസ്കൂൾ പൊന്നുരുന്നി

# എഡിറ്റോറിയൽ

ക്രൈസ്റ്റ് കിംങ് കോൺവെന്റ് ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' മെമ്പേഴ്സായ ഞങ്ങൾ 2019-21 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ഇ-മാഗസിൻ ഞങ്ങളുടെ ഹെഡ്മിസ്ട്രസ്സ് റവ.സി. ലിസ്സി ദേവസി,ഞങ്ങളുടെ അദ്ധ്യാപകർ,സഹപാഠികൾ എന്നിവർക്കു മുൻപിൽ സാദരം സമർപ്പിക്കുന്നു.മലയാളം ടൈപ്പിംങിൽ പ്രാവീണ്യം നേടാനും,ഞങ്ങളുടെ ഭാവന അല്പമെങ്കിലും പ്രതിഫലിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിൽ പങ്കാളിത്തം വഹിച്ച എല്ലാ സഹപാഠികൾക്കും,അദ്ധ്യാപകർക്കും, ജഗദീശ്വരനും നന്ദിയർപ്പിച്ചുകൊളുന്നു.

# എഡിറ്റോറിയൽ ബോർഡ്

1. ദേവിക എം എസ്
2. നിദിയ സെബാസ്റ്റ്യൻ
3. ദർശന പ്രശാന്ത്
4. ശ്രീലക്ഷ്മി സന്തോഷ്
5. ക്രിസ്റ്റീന കെ ജെ
6. ഫെർഢീന പി പാട്രിക്
7. വൈഷ്ണവി ആർ നായിക്
8. മേരി ആഞ്ചലീന
9. ജ്ഞുവാലിൻ റാഫി
10. നജഫ് നിസാർ എം

# പ്രകൃതി

സുന്ദരമായ പ്രകൃതിയിൽ ഞാൻ ഉണർന്നു



കോഴി കൂവി

നല്ല സുന്ദരമായ

പ്രഭാതം

എത്ര മനോഹാരമായ പ്രഭാതം

സന്ധ്യാവുന്നേരം സൂര്യൻ വെളിച്ചത്ത്

പുഞ്ചിരിക്കും .........................

രാത്രി ചന്ദ്രൻ നിലാവ് പോലെ പുഞ്ചിരിക്കും

രാത്രി ചന്ദ്രൻ കറുത്ത തൊപ്പി മൂടി

രാവിലെ പളക്കെ പതുക്കെ പ്രഭാതം

ചിരിക്കും ................................

സൗരിയ സുധീർ

സന്ധ്യനേരം എത്ര സുന്ദരം സന്ധ്യാ

നേരം മനോഹരമായ സന്ധ്യനേരം.




# നാം ഒരുമിച്ച്

കുത്തിയൊഴുകി വന്നൊരാ ജലം
ഞെട്ടിച്ച് അലയടിതച്ച് തകർത്തത്
നാടിന്റെ ഹരിതത്വം
അലയടിച്ച് വന്നൊരാ പ്രളയം
കൊണ്ടുപോയതും നാടിന്റെ സ്വപ്നം

പ്രളയമാം സമയമാം മരണത്തിനു മുൻപിൽ
നിന്നിതാ ഒറ്റകെട്ടായി ഒരു മതിൽ പോലെ
വലിയവനോ ചെറിയവനോ എന്നില്ലാതെ
മരണത്തിനു മുൻപിൽ വിറവലോടെ നിന്നിതാ
വിളിച്ചു കൈകൂപ്പി ആ  അജ്ഞാതനെ
രക്ഷിക്കുവിൻ എന്നൊരപേക്ഷക്കായി
ജീവനിൽ കൊതിച്ച ഓരോരുത്തരും
ആദിയാൽ അലഞ്ഞ് ക്ഷീണിച്ച
ആ നിമിഷങ്ങൾ മനസ്സിൽ ഒരു

# കിടാവിളക്കുപോൽ അണയാതെ നിൽപ്പൂ.

ദർശന പ്രശാന്ത്





# തോയം

കുത്തിയൊലിച്ച്   മറിഞ്ഞു വന്നൂ ജലം
മർത്ത്യന്നുഭീഷണിയായി തീർന്നു

വൃക്ഷങ്ങളും പല വസ്തുക്കളും

വെള്ളത്തിൽ ആറാടിയാടിയെത്തി ധരിത്രിതൻ
മാറിലായി ലക്ഷക്കണകിലോളം

ജീവൻ പൊലിഞ്ഞു തീർന്നു




അലീന സാബു



സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

# ജീവിതം




പ്രളയം എന്ത് എന്നറിയാത്ത
ജീവിതം
അന്ന് ആ ദിനത്തിൽ ഒരു
കാലനെ പോൽ............
കുറെ ജീവിതം മണ്ണടിഞ്ഞു
ജാതി മത വർണ്ണ വ്യക്ത്യാമില്ലാതെ
ഒന്നായി ഒറ്റകെട്ടായി നിന്നു
ആർക്കും വേണ്ടാതിരുന്ന
ഒരു കൂട്ടം ജനങ്ങൾ സഹായത്തിനുണ്ടായുള്ള
അന്ന് ആ ശബ്ദം കേട്ട് പുച്ചിഛരവരല്ലാതെ
അവരുടെ സഹായം കണ്ട്
അഭിനന്ദിച്ചു...........

മീനാക്ഷി ബൈജു



സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

# സുന്ദരി തത്തമ്മ



പച്ചയുടുപ്പിട്ട തത്തമ്മ
പിച്ച നടക്കുന്ന തത്തമ്മ

തിത്തയ്യും കാട്ടിലെ
തത്തമ്മ
തത്തികളിക്കുന്ന
തത്തമ്മ
തക്കാളിച്ചുണ്ടുള്ള-
തത്തമ്മ
എന്റെ വീട്ടിലെ -തത്തമ

ഫിദാ ഫാത്തിമ



സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

# ഗുരുവന്ദനം

വിദ്യതൻമഹാപേടകംനമ്മൾക്കായ് തുറന്നുതന്ന

വിജ്ഞാത്തിൽ  അനന്തപാതയിൽ

വഴിക്കാട്ടിയായി വന്ന്

വിദ്യാലയത്തിൽ മറ്റൊരമ്മായായ്

വിവേകബുദ്ധി പകർന്നുതന്നു

മനുഷ്യനായി വളർത്തി

വിശാല മനസ്സിന് ഉടമയായി

വിളങ്ങിടും എൻ ഗുരുവിന്

വന്ദനം

ലിയ ജോസ്



സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

# പുനർജീവൻ

അതിജീവനം എന്നാൽ  അതൊരു
അവസ്ഥയാണ്   മരണത്തിൻ
പിടിക്കൊടുക്കാതെ ജീവിതത്തിൻ
മാർഗത്തിലേക്ക് എത്തുന്നവസ്ഥ



പ്രകൃതിയിൽ ഒരിടത്ത്
തെരുവിൽ  വളർന്ന വരുന്ന
ജീവിതത്തിലേക്ക് തിരിച്ച് വരുന്ന
അതിജീവനത്തിൻെ പ്രതികമായി
....ഏവരും....



അഷ്ന സിദി

# കണ്ണാടി



നാം ഒരു കണ്ണാടി
ആയി മാറണം
എല്ലാം നന്മ
തിന്മകൾ കാട്ടി
കൊടുക്കുന്ന കണ്ണാടി
ആരു തിന്മ ചെയ്യുന്നുവോ
അവരുടെ മുന്നിൽ ചെന്ന്
നന്മ ഉപദേശിക്കുന്ന കണ്ണാടി
എൻെറ നല്ല കണ്ണാടി

അലീന മേരി അനിസ്



# അമ്മ

ഒരിടത്ത് ഒരു അമ്മ ഉണ്ടായിരുന്നു. അമ്മയ്ക്ക് മൂന്ന് മക്കളുണ്ടായിരുന്നു ഒരിക്കൽ അമ്മയ്ക്ക് ഒരു കുഞ്ഞു പുത്രിയുണ്ടായി. ആ കുഞ്ഞു വള



ർന്നു.ചേച്ചിമാരും ചേട്ടൻമാരും കല്ല്യണം കഴിഞ്ഞു പോയി. അതോടെ ആ കുഞ്ഞു മനസ്സ് ഒറ്റപ്പെട്ടു. അമ്മയുടെ സ്നേഹം അവനെ ആ ഒറ്റപ്പെട്ടലിൽ നിന്നും സംരക്ഷിച്ചു. അന്ന് അവൻ അറിഞ്ഞു അമ്മയുടെ സ്നേഹത്തെ വേലുന്ന ഒന്നും ഈ ലോകത്തില്ല എന്ന്.

## അമ്മയുടെ സ്നേഹം അമൃതമാണ് അത് കാത്തു സൂക്ഷിക്കുക

ക്രിസ്സ്റ്റിന



# അതിജീവനം

മഹാസമുദ്രത്തിനടിയിൽ മരണവെപ്രാളത്തിൽ
നീന്തിതുടിക്കുന്ന മോറാ മത്സ്യമെ
'അതിജീവനം' തന്നെ.... മോറാ
നിൻെറ ചിറകികൾ വിറവലാൽ അടിക്കുന്നത്
നിൻെറ തുടിച്ചുപായലിൽ എനിക്കു ജീവൻ
നൽകുന്നു; ഹേ മത്സ്യമെ നീ എത്ര ഭാഗ്യവാൻ;
മരണം നിനക്കു സമാധാനം നൽകും
അതുകൊണ്ട് നീ ഭയപ്പെടേണ്ട
മത്സ്യമെ നിനക്കായ് നിൻെറയമ്മ
മനോഹരമായ പായൽക്കൊണ്ട് ഒരുക്കിയ
പൂമണ്ടബം നിൻെറ പിറന്നാൾ
സന്തോഷകരമാക്കുവാൻ മാത്രം,
നീ അതിജീവിക്കണം മോറാ, ദുഷ്ടനായ ആ
വലിയ

സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

മത്സ്യത്തിനിടയിൽ നീ വളരെയെറേ കഷ്ടപ്പെടുന്ന
നിൻെറ അമ്മയുടെ മനസ്സിൽ നിന്നെ അറിയുവാൻ
സാധിക്കും,
നീ അവൻെറയിടയിൽനിന്ന് അതിജീവിക്കണം,
അതിജീവനമാകണം നിൻെറ ലക്ഷ്യം
അതിലൂടെ നീ സഞ്ചരിച്ചാൽ



നിൻെറ വീട്ടിൽ നീ
വരുമെന്ന
കാത്തുനിൽക്കുന്ന,
നിൻെറ അച്ഛനും
അമ്മയും വളരെ
സന്തോഷമാകും,
അവർ നിൻെറ മനോഹരമായ കക്ക തൊലുകളാൽ
നിനക്ക് മാലയാണിയിക്കും സന്തോഷം
സഹിക്കാതെ സന്തോഷം
നൽകി നിൻെറ അശ്വസിപ്പിക്കും

സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

വർണ്ണങ്ങൾ

നീ നീന്തി തുടിക്കും മത്സ്യമെ, നിൻെറ സ്വർണ്ണ
ചിറകുകളാൽ
നീന്തി തുടിച്ചു മറിഞ്ഞു സന്തോഷിച്ചു
അതിജീവിനം
ലക്ഷ്യമാക്കി നീ മുന്നേറൂ.
ലക്ഷ്യം നോക്കി മുന്നേറൂ..... മോറാ നിനക്ക്
എപ്പോഴും
വിജയം മാത്രമേയുള്ളൂ
വിജയം

നിദിയ സെബാസ്റ്റിൻ



# മത്സ്യ കന്യക




വീർപ്പുമുട്ടലിൻെറ
ഇരുപത്തിയെട്ടാം
മൂവൻതിയിൽ
കുളിക്കാനിറങ്ങിയതായിരുന്നു
അടർന്നുപോയ
അണ്ഡകടാഹത്തെ
ഓർത്തു മുങ്ങുമ്പൊൾ
ഒരു മീനുണ്ട്

കണങ്കാലിൽ മുഖമുരച്ച്
ചെകിളകൾ കൊണ്ട്
തുടകളെ ഇക്കിളിപ്പെടുത്തി
എന്നിലുള്ള എല്ലാ പുഷ്പങ്ങളെയും

ഷിഫ്ന പി എസ്



# സ്നേഹം

സ്നേഹമെ എൻ സ്നേഹമെ
അരുവി പോൽ നീ ഒഴുകുകിൽ
ഞാനുമെൻ ഹൃദയവും
കാത്തിരിപ്പായ് നിനക്കായ് ഞാൻ
സ്നേഹമെ നീ പ്രാവു പോലായ്
പാറി പാറി പോകുകിൽ
തുടിക്കുമെൻ ഹൃദയം നീ കാണുമോ സ്നേഹമെ
റോസപ്പൂവിൻ ഇതളു പോൽ



സൗഹൃദം കൊഴിയുമോ???

സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

## വർണ്ണങ്ങൾ

സ്നേഹമെ നീ എൻ ചാരെ

പൂക്കളായ് വിടരുമോ???

സ്നേഹമെ നിൻ മലരുകൾ

നിന്നിൽ നിന്ന് ഏകുമോ

പ്രാവുപോൽ കുറുകുമോ

പ്രാവുപോൽ പറക്കുമോ

സ്നേഹമെ എൻ സ്നേഹമെ

കുട്ടിനായ് നീ കൂടുമോ???

ഗംഗ.ജെ



# എന്റെ സ്വപ്നം

നറുപുഷ്പമാണെൻ ജീവിതം
ആ ഇതളുകൾ വിരിയും
പോൽ എൻ ജീവിത-
സ്വപ്നം പൂവണിയുന്നു
ആ ഇതളുകൾ ചിരിക്കുമ്പോൾ
എൻ ജീവിതം സന്തോഷിക്കുന്നട




വണ്ടുകൾ പൂവിൽ ചേക്കേറും-
പോൽ ദുഃഖങ്ങൾ എന്നിൽ
അലയടിക്കുന്നു
എന്നിലു മെൻ സാന്ത്വനമായങ്ങേ
ഒരു തീക്കനൽ മായുന്നു
ആ തീക്കനൽ മറയും പോൽ
ഇതളുകൾ കൊഴിയുമ്പോൾ
എൻ ജീവിതത്തിനിതൾ കൊഴിയും

റിദികാ റിദീപ്

സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി



# സ്ത്രീ ശാക്തീകരണം -ജുവാലിൻ റാഫി



ഇന്ന് സമൂഹത്തിൽ
ഏറ്റവുമധികം വിവേചനം
അനുഭവിക്കുന്നത്
സ്ത്രീകളാണ്.എന്നാൽ,അംഗീകാരം അർ
ഹിക്കുന്നതും സ്ത്രീകളാണ്. ഒരു അപരിചിതയായ
സ്ത്രീയെ കണ്ടാൽ സ്വന്തം അമ്മയെ പോലെയോ
സഹോദരിയെ പോലെയോ കണ്ടാൽ തീരാവുന്ന
പ്രശ്നങ്ങളെയിന്നുള്ളൂ.മറിച്ചാണെങ്കിൽ,അവിടെ
പുരുഷൻ സ്ത്രീയുടെ മേൽ അടിമത്ത്വം
സൃഷ്ടിക്കുകയാണ്.അവളുടെ
നിഷ്കളങ്കതയാണവിടെ നഷ്ടപ്പെടുന്നത്.

ഒരു കുടുംബം നയിക്കുന്നത്
ഗൃഹനാഥനാണെങ്കിലും ആ കുടുംബത്തെ
ആഴത്തിൽ മനസ്സിലാക്കാനും അവരെ

ഒത്തൊരുമയോടെ നയിക്കുവാനും ഒരു

സ്ത്രീയില്ലങ്കിൽ അത് അസാധ്യമാണ്.പുരുഷൻ

ശാരീരിക ശക്തി കൊണ്ട് മുന്നിലാണെങ്കിലും

മാനസികവും വികാരാധീനവുമായ ശക്തികൊണ്ട്

സ്ത്രീ പുരുഷനെക്കാൾ ആയിരം പടി

മുന്നിലാണ്.മാനസികമായ് എന്ത് വേദന

സഹിക്കാനും അവൾക്കു കഴിയും.എന്നാൽ

പുരുഷനു അതു സാധിക്കില്ല.എന്തു കൊണ്ടും

പുരുഷനെക്കാൾ ശ്രേഷ്ഠയാണ് സ്ത്രീ. ദേവിയെ

പോലെ കണ്ടാരാദിക്കേണ്ട അവളെയാണ്

മൃഗത്തെ പോലെ ഉപദ്രവിക്കുന്നത്.ഒരോ വർഷം

കഴിയും തോറും  ഇന്ത്യയിലെന്നല്ല ലോകത്തിൽ

തന്നെ നടക്കുന്ന സ്ത്രീപീഡനങ്ങളുടെ നിരക്ക്

കുത്തനെ ഉയരുകയാണ്.ഇവിടെ പുരുഷന്റ

ആണത്ത്വമല്ല തെളിയുന്നത് സ്ത്രീയുടെ

നിസ്സഹായതയാണ്.എന്നിട്ടും,സ്ത്രീ
തളരുന്നില്ല,ചാരത്തിൽ നിന്ന് ഉയർന്നുപറന്ന
ഫിനിക്സ് പക്ഷിയെ പോലെ അവൾ
അതീജിവിക്കുന്നത്തിന്റെ ഉദാഹരണമാണ് ഈ
വർഷം സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം
കരസ്ഥമാക്കിയ നാദിയ മുറാദ് തന്റെ ജീവിതവും
ആഗ്രഹങ്ങളും തകർത്തെറിഞ്ഞവർക്കെതിരെ
അവൾ പോരാടി.ഇറാഖ് തീവ്രവാദികളിൽ നിന്നും
അനുഭവിച്ച കൊടിയ പീഡനം അവൾ
ലോകത്തോട് തുറന്നു പറഞ്ഞു.അവരെ
ഇരുമ്പഴിക്കുള്ളിലേക്ക് ചവിട്ടിത്താഴ്ത്താനും നാദിയ
എന്ന മഹത് വ്യക്തിത്വത്തിന് സാധിച്ചു.ഇന്ന്
നാദിയ ലോകം അറിയപ്പെടുന്ന അമേരിക്കൻ
ആത്മവിശ്വാസ പ്രഭാഷകയാണ്.തന്റെ

ജീവിതമാണ് തന്റെ സന്ദേശം എന്ന മഹാത്മാജി
വചനം ഉൾക്കൊണ്ടാണ് നാദിയയ്ക്ക് ഇതെല്ലാം
സാധിച്ചത്.ദൈവം പുരുഷന്റെ വാരിയെല്ലിൽ
നിന്നും സ്ത്രീയെ സൃഷ്ടിച്ചത് അവളെ
സംരക്ഷിക്കാനാണ്,
ദ്രോഹിക്കാനല്ല.............................ഇന്ന്
സമൂഹത്തിൽ ഏറ്റവുമധികം വിവേചനം
അനുഭവിക്കുന്നത്
സ്ത്രീകളാണ്.എന്നാൽ,അംഗീകാരം അർ
ഹിക്കുന്നതും സ്ത്രീകളാണ്. ഒരു അപരിചിതയായ
സ്ത്രീയെ കണ്ടാൽ സ്വന്തം അമ്മയെ പോലെയോ
സഹോദരിയെ പോലെയോ കണ്ടാൽ തീരാവുന്ന
പ്രശ്നങ്ങളെയിന്നുള്ളൂ.മറിച്ചാണെങ്കിൽ,അവിടെ
പുരുഷൻ സ്ത്രീയുടെ മേൽ അടിമത്ത്വം

സൃഷ്ടിക്കുകയാണ്.അവളുടെ
നിഷ്കളങ്കതയാണവിടെ നഷ്ടപ്പെടുന്നത്.

ഒരു കുടുംബം നയിക്കുന്നത്
ഗൃഹനാഥനാണെങ്കിലും ആ കുടുംബത്തെ
ആഴത്തിൽ മനസ്സിലാക്കാനും അവരെ
ഒത്തൊരുമയോടെ നയിക്കുവാനും ഒരു
സ്ത്രീയില്ലങ്കിൽ അത് അസാധ്യമാണ്.പുരുഷൻ
ശാരീരിക ശക്തി കൊണ്ട് മുന്നിലാണെങ്കിലും
മാനസികവും വികാരാധീനവുമായ ശക്തികൊണ്ട്
സ്ത്രീ പുരുഷനെക്കാൾ ആയിരം പടി
മുന്നിലാണ്.മാനസികമായ് എന്ത് വേദന
സഹിക്കാനും അവൾക്കു കഴിയും.എന്നാൽ
പുരുഷനു അതു സാധിക്കില്ല.എന്തു കൊണ്ടും
പുരുഷനെക്കാൾ ശ്രേഷ്ഠയാണ് സ്ത്രീ. ദേവിയെ
പോലെ കണ്ടാരാദിക്കേണ്ട അവളെയാണ്

മൃഗത്തെ പോലെ ഉപദ്രവിക്കുന്നത്.ഒരോ വർഷം കഴിയും തോറും  ഇന്ത്യയിലെന്നല്ല ലോകത്തിൽ തന്നെ നടക്കുന്ന സ്ത്രീപീഡനങ്ങളുടെ നിരക്ക് കുത്തനെ ഉയരുകയാണ്.ഇവിടെ പുരുഷന്റ്റ ആണത്ത്വമല്ല തെളിയുന്നത് സ്ത്രീയുടെ നിസ്സഹായതയാണ്.എന്നിട്ടും,സ്ത്രീ തളരുന്നില്ല,ചാരത്തിൽ നിന്ന് ഉയർന്നുപറന്ന ഫിനിക്സ് പക്ഷിയെ പോലെ അവൾ അതീജിവിക്കുന്നത്തിന്റെ ഉദാഹരണമാണ് ഈ വർഷം സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം കരസ്ഥമാക്കിയ നാദിയ മുറാദ് തന്റെ ജീവിതവും ആഗ്രഹങ്ങളും തകർത്തെറിഞ്ഞവർക്കെതിരെ അവൾ പോരാടി.ഇറാഖ് തീവ്രവാദികളിൽ നിന്നും അനുഭവിച്ച കൊടിയ പീഡനം അവൾ

ലോകത്തോട് തുറന്നു പറഞ്ഞു.അവരെ ഇരുമ്പഴിക്കുള്ളിലേക്ക് ചവിട്ടിത്താഴ്ത്താനും നാദിയ എന്ന മഹത് വ്യക്തിത്വത്തിന് സാധിച്ചു.ഇന്ന് നാദിയ ലോകം അറിയപ്പെടുന്ന അമേരിക്കൻ ആത്മവിശ്വാസ പ്രഭാഷകയാണ്.തന്റെ ജീവിതമാണ് തന്റെ സന്ദേശം എന്ന മഹാത്മാജി വചനം ഉൾക്കൊണ്ടാണ് നാദിയയ്ക്ക് ഇതെല്ലാം സാധിച്ചത്.ദൈവം പുരുഷന്റെ വാരിയെല്ലിൽ നിന്നും സ്ത്രീയെ സൃഷ്ടിച്ചത് അവളെ സംരക്ഷിക്കാനാണ്, ദ്രോഹിക്കാനല്ല..............................

# അച്ഛൻെറ സ്വപ്നം

മനുഷ്യർ ഒരുപാട് സ്വപ്നങ്ങളുടെ ഇടയിൽ ജീവിക്കുന്നവരാണ്. അച്ഛൻ എന്നു പറയുന്നത് ഒരു സ്വപ്നമാണ്. തൻെറ മക്കൾ ക്കുവേണ്ടി ജീവിക്കുന്നതാണ് അച്ഛൻെറ സ്വപ്നം. ഏതൊരു മനുഷ്യൻെറയും സ്വപ്നമാണ് അച്ഛൻ. അതോടൊപ്പം തന്നെ എല്ലാ അച്ഛൻെറയും സ്വപ്നമാണ് ഓരോ മക്കളും തൻെറ ഇഷ്ടം നോക്കാതെ മക്കളുടെയും വീട്ടുകാരുടെയും ഇഷ്ടം നോക്കുന്നതാണ് അച്ഛനിഷ്ടം.



സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

ഏതൊരു മനുഷ്യരെ പോലെയും അച്ഛനും ഒരു മനുഷ്യനാണ്. പക്ഷെ മക്കൾക്കു വേണ്ടി അച്ഛൻ തനിക്കു പറ്റുന്നതിനേക്കാൾ ഏറെ കഷ്ടപ്പാടുകൾ അച്ഛൻ സഹിക്കുന്നുണ്ട്. ഇതെല്ലാം സഹിക്കുന്നതിലൂടെ അച്ഛൻ സ്വന്തം സ്വപ്നങ്ങളാണ് നടക്കാതെ പോകുന്നത്. അച്ഛന്റെ ചില  സ്വപ്നങ്ങൾ നടപ്പിലാക്കുന്നത് സ്വന്തം മക്കളിലൂടെയാണ്. അതുകൊണ്ടാണ് മക്കൾ ദൈവത്തിന്റെ സമ്മാനങ്ങളാണെന്ന് പറയാൻ കാരണം.

അർച്ചന എം എ



# തെന്നൽ



വയൽവരമ്പിലൂടെ ഞാൻ നീങ്ങുമ്പോൾ
മെല്ലെ പമ്മിപ്പതുങ്ങിയൊരു
കാറ്റ്,
സ്നേഹത്താലെൻ നെറ്റിയിൽ
തലോടി
ഒന്നും മിണ്ടാതെ പറന്നകന്നു.
എന്നുമെൻ പുഷ്പവാടിയിലെ
പനിനീർ പൂവിനെ ചുംബിക്കാനെത്തും,
എൻ മുടിയിഴകളെ ചിറകിലേറ്റി
എവിടേക്കെന്നില്ലാതെ പറന്നകലും.
ഇതുവരെ എനിയ്ക്കാ കാറ്റിനെ
ഒരു നോക്കു കാണാൻ കഴിഞ്ഞതില്ല,
കാത്തിരിപ്പൂ ഞാനിന്നും പ്രതീക്ഷയോടെ.



ഫർഡിന പി പാടി

# പൂമ്പാറ്റ

നജഫ് നിസാർ



വർണ്ണച്ചിറകുകൾ വിടർത്തിയാടും
പൂമ്പാറ്റകളേ നിങ്ങൾ



പൂവുകൾ തോറും
പൂമ്പൊടിനുള്ളാൻ
പോവുകയാണോ
വീണ്ടും
നിന്റെ വർണ്ണച്ചിറകിലൊരെണ്ണം
എനിക്കു തന്നിടുമോ
പ്രപഞ്ചമാകെ പറന്നു
കാണാൻ ആശയെനിറക്കേറെ
ഒന്നായ് നമുക്കു പറന്നു കാണാം
ദൈവം നൽകിയ നാട്
എന്റെ കേരളം പുണ്യനാട്

# സ്നേഹമാകുന്ന അമ്മ

ജീവിതമാകുന്ന കടലിനെ ഇളകാതെ നോക്കുന്ന കടലമ്മയാണ് അമ്മ. എനിക്ക് മുലപ്പാല് നൽകി. നമ്മെ നടത്തി തെറ്റും ശരിയും തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത് അമ്മയാണ്. ആദ്യ കുർബാനയില്ല മാതാവിൻ ചിത്രമുള്ള ഉത്തരീയം അണിയിച്ച് മാതാവ് നിന്നെ കാത്തുകൊള്ളും കുഞ്ഞേ എന്ന് പറഞ്ഞ് പഠിപ്പിക്കുന്ന എത്ര വലിയ കാര്യമായാലും നമുക്ക് അമ്മയോട് പറയാം.

പാവങ്ങളുടെ അമ്മ ഏത് കുഞ്ഞായാലും ഏത് ജാതിയായായാലും താഴ്ന്നവനായാലും ഉയർന്നവനായാലും സ്നേഹക്കാൻ മാത്രം പഠിപ്പിച്ച പാവങ്ങളുടെ അമ്മ മദർ തെരേസ. 'അമ്മ' എന്ന

വാക്കിന്റെ അർത്ഥം പഠിപ്പിച്ച, സ്നേഹിക്കാൻ മാത്രം അറിയാവുന്ന മാലാഖയാണ് മദർ തെരേസ.

<u>ആര് മറന്നാലും പെറ്റ വയർ മറക്കിലല്ലോ.</u>

ഈ കാര്യം ഓർമ്മിപ്പിക്കുന്ന കഥയാണ് ഇത്.

ഒരു അമ്മ 40 വയസ്സുള്ളപ്പോൾ ഒരു കടിഞ്ഞൂൽ പുത്രനെ ലഭിച്ചു. അവന്റെ പേര് 'ആദം'.




താഴെവെച്ചാൽ ഉറുമ്പരിക്കും, തലയിൽ വെച്ചാൽ പേനരിക്കും എന്നു പറഞ്ഞ് വളർത്തി അവൻ വളർന്നു. ദൈവത്തിന്റെ പുത്രനെപ്പോലെ മതബോധന അധ്യാപകനായി വളർന്നു. അവൻ

സ്നേഹിക്കാൻ മാത്രം പഠിച്ചു.
ആറ്റുനോറ്റുവളർത്തിയ ആ ഉണ്ണിയെ കണ്ട് അവൾ സന്തോഷിച്ചു. അവൻ വലിയ ദൈവഭക്തനായി, അതിനൊപ്പം ഇന്ത്യൻ ടീമിന്റെ ഫുട്ബോൾ കളിക്കാരനും. അവൻ കളിക്കുമ്പോൾ ഒരു ബോളുപ്പോലും കളയില്ല. അങ്ങനെ ഒരു ദിവസം അവൻ ഒരു ബോൾ കളഞ്ഞു, നാട്ടുക്കാർ അവനെ ഒരുപാട് തല്ലി.
ഒരു നേരം പട്ടിണി കിടന്ന് വളർത്തിയ ആ അമ്മയുടെ മകനെ നാട്ടുക്കാർ വെറുതെ വിട്ടില്ല. അവനെ എല്ലാവരും മറന്നു, ആരും അവനെ തിരിഞ്ഞുപ്പോലും നോക്കിയില്ല. അവൻ കഷ്ടപ്പെട്ടതെല്ലാം വെറുതെയായി എന്ന് അവനു മനസ്സിലായി. അവൻ ആത്മഹത്യക്ക് തുനിഞ്ഞു. അപ്പോൾ അവന്റെ അമ്മ ഓടി വന്ന് അവനെ

വീട്ടിലേക്കു കൂട്ടികൊണ്ടുപോയി. അവന്റെ ജീവിതം നശിച്ച എന്ന് ഓർത്തപ്പോൾ പോലും അവന്റെ അമ്മ അവനെ മറന്നില്ല. നൊന്ത് പ്രസവിച്ച മകൻ നാട്ടുക്കാരുടെ അടികൊണ്ട് പിടയുന്നത് നേരിൽ കാണുമ്പോൾ ആ അമ്മയ്ക്കുണ്ടാുന്ന വേദന ആർക്കും പറഞ്ഞറിയിക്കാൻ സാധിക്കില്ല.

ദേവിക എം എസ്



# കുട്ടന്റെ ചിന്നു

ഒരു തിങ്കളാഴ്ച ദിവസമാണ് കുട്ടന്റെ
ജീവിതത്തിലെ വഴിതിരിവിന് തുടക്കമിട്ടത്,
അവനൊരച്ഛനായി. ഒരു കൊച്ചു സുന്ദരിയുടെ
അച്ഛൻ. തനിക്കൊരു മകൾ പിറന്നിരിക്കുന്നു.
ഉത്തരവാദിത്വമുള്ളവനാവാൻ അവൻ
തീരുമാനിച്ചു. ഈ തീരുമാനത്തിന് കൂടെ തന്റെ
ഭാര്യയായ അനിതയും കൂടെയുണ്ട്. അങ്ങനെ
അവരുടെ ജീവിതയാത്ര തുടരുകയാണ്.
ചിന്നുവുമൊത്ത് വർഷങ്ങൾ കടന്നുപ്പോയി
അവളുടെ ഓരോ വളർച്ചയും കണ്ടും കേട്ടും
ദാരിദ്ര്യത്തിന്റെയും കഷ്ടപാടിന്റെയും തടവുകൾ
താണ്ടി യാത്ര തുടരുന്നു. അവൾക്കിപ്പോൾ 15
വയസ് അതായത് പത്താം ക്ലാസ്സ് വിദ്യാർത്ഥിനി.
തന്റെ അച്ഛന്റെ കഷ്ടപ്പാടുകൾ മനസ്സിൽ
കണ്ടുകൊണ്ടായിരുന്നു അവളുടെ ഓരോ യാത്രയും.

സി.കെ.സി.എച്ച്.എസ്.പൊന്നുരുന്നി

അവളുടെ ആഗ്രഹങ്ങൾ പലതും മറച്ചുപിടിച്ച്
അച്ഛനുവേണ്ടി പഠിക്കാൻ അവൾ
മിടുക്കിയായിരുന്നു. അങ്ങനെ പത്തിൽ ഉയർന്ന
മാർക്കോടുകൂടി അവൾ ജയിച്ചു. പിന്നീട് +2 വിലും
നല്ല മാർകോടുകൂടി അവൾ ജയിച്ചു. പിന്നീടുള്ള
പഠനത്തിന്റെ ചിലവുകൾ മനസ്സിലാക്കി കുട്ടൻ
രാപകലില്ലാതെ അധ്വാനിച്ചു. ചെയ്യാത്ത
ജോലികളില്ല. മകളുടെ ഓരോ വളർച്ചയിലും
അച്ഛന്റെ ആരോഗ്യം നഷ്ടപ്പെട്ടുന്നു. ഇനി
അച്ഛനായി എന്തുചെയ്യും എന്നു
വിചാരിച്ചിരിക്കെയാണ് ചിന്നു. അപ്പോഴാണ്
തന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടായത്.
ആരോഗ്യനിലയിൽ വളരെയധികം കുട്ടന്
മാറ്റങ്ങൾ വന്നു.
ഒരിക്കൽ പനിപിടിച്ച് കുട്ടൻ അവശനായി.
ആശുപത്രിയിൽ, അവരുടെ അവസ്ഥ വളരെ

ദയനീയവും. ഡോക്ടർമാരൊക്കെ ചികിത്സക്കായി
പണം അധികം വാങ്ങുന്നു.
അവർക്കാകുന്നരീതിയിൽ കുട്ടനെ ചികിത്സിച്ചു.
എന്നാൽ പണമില്ലാത്തതിനാൽ കൂടുതൽ
ചികിത്സിക്കാനായില്ല. ഒരു പരിശോധനയിൽ
കുട്ടന്റെ രോഗം സ്ഥിതീകരിച്ചു.
മരുന്നില്ലാത്ത,പിടിപ്പെട്ടാൽ മരണത്തോടല്ലാതെ
വേറെ മാർഗമില്ല ,മാറാത്ത രോഗം. അനിത കുട്ടനു
വേണ്ടി ജോലിക്ക് പോയിതുടങ്ങി.എന്നാൽ ആ
പണം കുട്ടന്റെ ഒരു നേരത്തെ മരുന്നിനു പോലും
തികയുന്നില്ല. അങ്ങനെ ഒരു ദിവസം പണവുമായി
എത്തിയ അനിത കുട്ടന്റെ
മരണവാർത്തയാണറിഞ്ഞത്. ചിന്നു ഈ
വാർത്തയറിഞ്ഞതും ഒരു മനോരോഗിയെപ്പോലെ

അലറി. അച്ഛന്റെ ഓർമ്മയായി അവൾ തന്റെ
അച്ഛന്റെ ഡയറി സ്വന്തമാക്കി.
ചിന്താവിഷ്ടയായിരിക്കെ ഒരു കാറ്റിൽ അവളെ
തഴുകി കാറ്റ് ഡയറിയുടെ പേജുകൾ മറിക്കുന്നു.
അവൾ തന്റെ അച്ഛന്റെ അവസാന ഡയറി
അതായത് അവസാന വരികൾ വായിക്കാൻ
ഇടയായി. “ഇന്നത്തെ എന്റെ അവസ്ഥയിൽ
എനിക്കറിയാം ഇന്ന് എന്റെ അവസാന ദിനമാണ്
രോഗാവസ്ഥയിലും എന്നെ വേദനിപ്പിക്കുന്നത്
എന്റെ  മകളാണ്. അവളുടെ ഇനിയുള്ള ജീവിതം.
ഇവിടെ കിടന്ന് എനിക്ക് മടുത്തു. എന്നെ
പണമെന്ന കത്തികൊണ്ട് ഡോക്ടർമാർ ഓരോ
ദിവസവും കുത്തി മുറിക്കുകയാണ്. എന്റെ മോളെ,
നിന്റെ കൈയിൽ എന്നെങ്കിലും ഈ

ഡയറിയെത്തും. എനിക്കായി നീ ഒരു ഡോക്ടറാവണം. മനുഷ്യന്റെ വേദനയിൽ നീ കുത്തിനോവിക്കാതെ അവരുടെ വേദനയിൽ തണലായി അവരെ ചികിത്സിക്കണം. നീ പഠിക്കണം, ഡോക്ടറാവണം." കണ്ണുനീര് നിറഞ്ഞ ആ വരികൾ കണ്ട അവൾ അച്ഛന്റെ സ്വപ്നത്തിന് തുടക്കമിട്ടു. രാവിലെ ജോലികളിലൂടെയും രാത്രികളിൽ പഠനത്തിലൂടെയും അച്ഛന്റെ സ്വപ്നത്തിന് വിളക്കുകൊളുത്തി അവളുടെ ജീവിതം തുടരുകയാണ്.

ശ്രീലക്ഷ്മി സന്തോഷ്



# വനിത രത്നം

"സ്ത്രീ",അമ്മയാണ്, സഹോദരിയാണ്, ഭാര്യയാണ്, പെങ്ങളാണ് എന്നിങ്ങനെയെല്ലാം തന്നെ എല്ലാവർക്കും അറിയാം. പക്ഷെ അവൾ സ്ത്രീക്ക് ഈ പറഞ്ഞ സ്ഥാനങ്ങളിൽ സ്വസ്ഥമായി വാഴാൻ അവസരം ലഭിക്കുന്നുണ്ടോ എന്ന് ചിന്തക്കേണ്ടിയിരിക്കുന്നു. സ്ത്രീ ഉണരണം. സ്ത്രീ ഉണരുന്നുണ്ടല്ലോ!, അവൾ എന്നും ഉണരുന്നുണ്ട്, ഉണരുകമാത്രമല്ല ആ കുടുബത്തിലെ സകലമാന പണികളും ചെയ്ത് ജീവിച്ച് പോകുന്നുമുണ്ട്! സ്ത്രീ അമ്മയാകുന്നു, ഒരു കുടുംബത്തിന്റെ എല്ലാ കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട ഒരേഒരാൾ ഭർത്താവ്, മക്കൾ, കുടുംബക്കാർ എന്നിങ്ങനെ നീണ്ടു കിടക്കുന്ന ഒരു വലിയ പട്ടികയെ ശുശ്രൂഷിക്കുക, അവർക്ക് വേണ്ടത് എല്ലാം ചെയ്തുകൊടുക്കുക, അവരെ മനസ്സിലാക്കുക,

അവരുടെ ഇഷ്ടങ്ങളനുസരിച്ച് മാറുക, അവർക്ക് വേണ്ടി ജീവിക്കുക എന്ന്  ചുരുക്കത്തിൽ പറയാം. സഹോദരിയായാലും ഭാര്യയായാലും പെങ്ങളായാലും ഇതെല്ലാം തന്നെ അവരുടേയും കർത്തവ്യം. എല്ലാം അവരുടെ കർത്തവ്യമാണ് അത് അവരുടെ കടമയാണ് എന്ന് ഒറ്റ വാക്കിൽ ആ വലിയ ത്യാഗം ഇല്ലാതാവുന്നു. അങ്ങനെ ഇല്ലാതാക്കപ്പെട്ട അവരുടെ ജീവിതം, അവളുടെ പേരാണ് 'സ്ത്രീ'. ജീവിതകാലം മുഴുവൻ അടുക്കളയിലായി ഒതുങ്ങുന്ന ഒരു വിഭാഗം ഉണ്ടെങ്കിൽ അവളും സ്ത്രീ തന്നെയാണ്. എന്നാൽ ഇന്നത്തെ സമൂഹത്തിൽ അതിന്റെ അളവിന് ഇത്തിരി ഇളവുണ്ട് എന്ന് അനുമാനിക്കാം.

സ്ത്രീക്ക് മുൻഗണന നൽകുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ എന്ന് നൂറു ശതമാനം ഉറപ്പിക്കാൻ വരട്ടെ, അവൾക്ക് വേണ്ട പരിഗണന

മാത്രം ലഭിക്കുന്നത് കൊണ്ട് കാര്യമില്ല, അവൾക്ക് ഈ ഭൂമിയിൽ ഈ രാഷ്ട്രത്തിൽ ജീവിക്കുവാൻ സുരക്ഷ കൂടി ആവശ്യമാണ്. പെൺകുട്ടിയാണ് പിറക്കുന്നതെന്നറിയുമ്പോൾ പലയിടത്തും മാതാപിതാക്കൾ അവളെ വേണ്ടന്ന് വെച്ച് ഉപേക്ഷിക്കുന്നതിൻെറ കാരണങ്ങളിലൊന്ന് അവളുടെ
സുരക്ഷിതത്ത്വം മറ്റ് ചിലവ് അതിനെക്കുറിച്ച് ആകുലരായിട്ടാണ് .
ചിലവിനെപ്പറ്റിച്ചിന്തിക്കുന്നത് തികച്ചും വിഡ്ഢിത്തരമാണ്. പലരുടെയും ആകുലത അവളെ വിവാഹം ചെയ്ത് വിടുന്നതിലാണ്. അതിനു ചിലവാക്കേണ്ട തുകയേക്കുറിച്ച് ഓർത്താണ്. ഒരു കാര്യം മനസ്സിലാക്കേണ്ടത് നേർച്ചകോഴികളായി വളർത്താതിരിക്കുക.

സ്ത്രീധനം ഉണ്ടാക്കികൂട്ടിയിട്ട് കാര്യമില്ല അവളെ
നല്ലൊരു ഉത്തമയായ സ്ത്രീയാക്കി തീർക്കുക
എന്നതാണ് മാതാപിതാക്കളുടെ ധർമ്മം.
സ്ത്രീയാണ് ഒരു പുരിഷനു ലഭിക്കാവുന്നതിൽ
ഏറ്റവും വലിയ ധനം. എന്നിട്ടു പോലും  സ്ത്രീധനം
എന്ന് പേരു പറഞ്ഞ് കച്ചവടം നടത്തുന്നത്
തങ്ങളുടെ മക്കള്ക്ക്  സുരക്ഷിത ജീവിതം നൽ
കുന്നുണ്ടോ എന്ന് എല്ലാ മാതാപിതാക്കളും
ചിന്തിച്ചിരുന്നങ്കിൽ,....
ആർത്തവം എന്ന പ്രക്രിയ ഇല്ലാതിരുന്നെങ്കിലീ
ഭൂമുഖം പോലും കാണേണ്ടി
വരില്ലാത്തവരായിരുന്നിട്ട് പോലും ആർത്തവത്തെ
പുച്ഛിച്ച്    അവളെ മാറ്റിനിർത്തുന്നവർ ഈ ഭൂമിക്ക്
ശാപം തന്നെയാണ്. ഇതിൽ  നിന്നെല്ലാം
കരുത്താർജിച്ച് സ്ത്രീ അതിജീവിക്കണം.

മോഹിനികളാകുന്ന സ്ത്രീകളെ കാശിന് വിറ്റ് കീശ നിറക്കുന്നവരും,സ്നേഹം നടിച്ച് കൗമാരക്കാരികളായ സ്ത്രീകളെ തടവിലാക്കുന്നതും, ബാലികമാരെ ബലാസംഘത്താൽ ഞെരിച്ച് കൊല്ലുന്നവരും ഒരു നാൾ വിധിക്ക് ന്യായം പറയേണ്ടവരായിത്തീരും.സ്ത്രീ ഉണരുന്ന ഒരു നല്ലകാലം കാണുവാൻ ആഗ്രഹിക്കാത്തവരായി ഒരു സ്ത്രീ  പോലും ഉണ്ടാവില്ല. ആൺക്കുട്ടികളാരും തന്നെ ഒരു സ്ത്രീയാവണമെന്ന് ആഗ്രഹിക്കുന്നില്ല.എന്നാൽ ഒരു പെണ്ണ് ആണായിരുന്നെങ്കിൽ എന്ന് എത്ര തവണ ചിന്തിച്ചിട്ടുണ്ടാവും. അത് കൊണ്ടെങ്കിലും പുരുഷന്മാരെ നിങ്ങൾ മനസിലാക്കു നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ്. അവളെ "സ്ത്രീയെ" അവളായി ജീവിക്കാനനുവദിക്കു! വിടരാത്ത മൊട്ടുകളെ, നിങ്ങൾ വിടർന്ന് സുഗന്ധം

## പരത്തുന്നൊരു കാലം വരും. അതിനായ് നമുക്ക് പരിശ്രമിക്കാം.

വൈഷ്ണവി അർ നായിക്



